LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ബാലറാം : വൈദ്യുതി ഉൽപ്പാദന വിതരണ മേഖല ഇപ്പോൾ വഴിത്തിരിവിലെത്തിയിരിക്കുകയാണ്. ഒരു വർഷം കഴിയുന്നതോടുകൂടി ഇലക്ട്രിസിറ്റി ബോർഡ് ഇല്ലാതാകുമെന്നാണ് പറയുന്നത്. അങ്ങനെ വരുന്ന സാഹചര്യത്തിൽ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കേണ്ട സാഹചര്യമുണ്ടാകും. ഇങ്ങനെ സ്വകാര്യ കമ്പനികളെ ഏൽപ്പിച്ച ഏതെങ്കിലും സംസ്ഥാനത്തിൽ വൈദ്യുതി പ്രസരണത്തിലുള്ള നഷ്ടം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടോ ; അവിടെയൊക്കെ സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചതിന്റെ ഫലമായിട്ടുണ്ടായിട്ടുള്ള പ്രത്യാഘാതം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കടവൂർ ശിവദാസൻ : ആ ഒരു ആലോചനയുടെ രംഗത്തല്ല ഇപ്പോൾ രാജ്യം നിൽക്കുന്നത്. ഇലക്ട്രിസിറ്റി ബിൽ പാസ്സാകുന്നതിന് മുമ്പ് ഇഷ്ടമുണ്ടെങ്കിൽ കൊടുക്കാതിരിക്കാവുന്ന..... Now this is mandatory, this is the law of the land. After one year, it will be vested. It will have to be vested with some other company. ഇക്കാര്യത്തിൽ ഇതെല്ലാം ഗവൺമെന്റിൽ വെസ്റ്റ് ചെയ്യാം. വെസ്റ്റ് ചെയ്തേ ഒക്കൂ. അതിന് ആരുടേയും സൗജന്യത്തിന്റെ പ്രശ്നമില്ല. വെസ്റ്റ് ചെയ്ത കമ്പനി റീ-വെസ്റ്റ് ചെയ്യണം. അത് മാക്സിമം ചെയ്യുന്നതിന് പൊതുമേഖലയിൽ കമ്പനി ഉണ്ടാക്കി തൊഴിലാളികളെ എല്ലാം രക്ഷപ്പെടുത്താൻ കഴിയുക. സ്വകാര്യ മേഖലയ്ക്ക് കൊടുക്കും. അതുകൊണ്ട് അതൊരു യാഥാർത്ഥ്യമാണ്. അതിനെ എങ്ങനെ പ്രവർത്തിയിലൂടെ, കൃത്യനിർവഹണത്തിലൂടെ സ്വകാര്യ മേഖലയുമായി മൽസരിച്ചു നിൽക്കണമെന്നുള്ള ഇച്ഛാശക്തി സ്റ്റേറ്റിന് ഉണ്ടെങ്കിൽ നിലനിൽക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി

3 (*670) ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണം സ്വകാര്യവൽക്കരിച്ചില്ലെങ്കിലും ആ ഉത്തരവാദിത്വം സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്ന് മാറ്റി മറ്റൊരു പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) അപ്രകാരം ചെയ്യുന്നതുകൊണ്ട് പ്രസരണനഷ്ടം കുറയ്ക്കുവാൻ കഴിയുമോ ;

(സി) ആന്ധ്രാപ്രദേശിൽ സെൻട്രൽ പവർ ഡിസ്ട്രിബ്യൂഷൻ കമ്പനിയെന്ന പൊതുമേഖലാസ്ഥാപനം വൈദ്യുതി വിതരണം ഏറ്റെടുത്ത് രണ്ട് വർഷത്തിനുള്ളിൽ പ്രസരണനഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് അന്വേഷിക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) 2003-ലെ ഇലക്ട്രിസിറ്റി ആക്ട് നിലവിൽ വന്നതോടുകൂടി 1910-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി സ്പ്ലൈ ആക്ടും നിലവിലില്ലാതായി. പഴയ ആക്റ്റുകൾ റിപ്പീൽ ചെയ്തെങ്കിലും വൈദ്യുതി ബോർഡ് ഒരു വർഷത്തേക്ക്, സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റി ആയും, ലൈസൻസിയായും തുടരുമെന്ന് 2003-ലെ ഇലക്ട്രിസിറ്റി ആക്ട് 171-ാം വകുപ്പ് അനുശാസിക്കുന്നു. 2003-ലെ ആക്ട് 131-ാം വകുപ്പ് പ്രകാരം ബോർഡിന്റെ എല്ലാ ആസ്തി ബാദ്ധ്യതകളും ആയത് ആക്ട് അനുസരിച്ച് രൂപീകൃതമാകുന്ന കമ്പനിയോ, കമ്പനികൾക്കോ സർക്കാർ വീതിച്ച് നൽകേണ്ടതുമാണ്. പൊതുമേഖലയിൽ കമ്പനി രൂപീകരിച്ച് ബോർഡിന്റെ ആസ്തി ബാദ്ധ്യതകൾ കൈമാറുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) വൈദ്യുതി വിതരണം മറ്റൊരു പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതുകൊണ്ടുമാത്രം പ്രസരണനഷ്ടം കുറയ്ക്കാൻ സാധിക്കുകയില്ല.

(സി) അന്വേഷിക്കാം.

നഗരങ്ങളിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി

4 (*671) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ പ്രതിദിനം ആവശ്യമായ ശുദ്ധജലത്തിന്റെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) നഗരത്തിൽ ആവശ്യമായ അളവിൽ ശുദ്ധജലം ഇപ്പോൾ വിതരണം നടത്തുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആവശ്യത്തിനനുസൃതമായി ജലവിതരണം നടത്തി ജല ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly